"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ശ്രീ.V.S. നവാസ്, DySP കൊച്ചി സിറ്റിയിലെ തേവര ക്വാർട്ടേഴ്സ് നം.VA-6- ൽ അനധികൃതമായി താമസിച്ച കാലയളവിൽ കോവിഡ് കാലയളവിലെ താമസത്തിനുള്ള പിഴ വാടക ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1920/2026/HOME തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:-

1. സംസ്ഥാന പോലീസ് മേധാവിയുടെ 06.06.2024,28.04.2025, എന്നീ തീയതികളിലെ H14-179247/2023/PHQ നമ്പർ കത്തുകൾ.
2. ശ്രീ. V.S. നവാസ്, DySP യുടെ 10.10.2023, 10.09.2024 എന്നീ തീയതികളിലെ അപേക്ഷ.
3. സംസ്ഥാന പോലീസ് മേധാവിയുടെ 29.08.2025 തീയതിയിലെ H14-179247/2023/PHQ നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യവേ ശ്രീ. വി.എസ്.നവാസ്, DySP (Retd.),ന് കൊച്ചി സിറ്റിയിലെ തേവര പോലീസ് ക്വാർട്ടേഴ്സ് നമ്പർ V(A)/06-അനുവദിച്ചിരുന്നതായും 24.12.2019 ൽ കൊച്ചി സിറ്റിയിൽ നിന്ന് സ്ഥലംമാറ്റം ലഭിച്ച ശേഷവും 17.04.2024 വരെ ടിയാൻ പ്രസ്തുത ക്വാർട്ടേഴ്സിൽ അനധികൃതമായി താമസിച്ചിരുന്നതായും ആയതിന് പിഴവാടകയായി ₹9,26,226/- രൂപ കണക്കാക്കുിയിട്ടുള്ളതായും സംസ്ഥാന പോലീസ് മേധാവി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

2.ശ്രീ. വി.എസ്.നവാസ്, DySP( Retd) പിഴ വാടക ഒഴിവാക്കി നൽകുന്നതിനായി പരാമർശം (2) പ്രകാം അപേക്ഷ സമർപ്പിച്ചു. ടിയാൻ മട്ടാഞ്ചേരി

പോലീസ് ഇൻസ്പെക്ടർ ആയിരിക്കെ കൊച്ചി സിറ്റിയിലെ തേവര പോലീസ് ക്വാർട്ടേഴ്സിൽ കുടുംബവുമായി താമസിച്ച് വന്നിരുന്നുവെന്നും ആയത് പ്രകാരം ടിയാന്റെ ശമ്പളത്തിൽ നിന്നും **HRA** പിടിച്ചിരുന്നുവെന്നും തുടർന്ന് **20.12.2020** ൽ ടിയാൻ മട്ടാഞ്ചേരിയിൽ നിന്നും എറണാകുളം റൂറൽ ജില്ലയിലേക്ക് ട്രാൻസ്ഫർ ആയെന്നും ഇടുക്കി, കണ്ണൂർ ജില്ലകളിലെ മറ്റ് യൂണിറ്റുകളിൽ ജോലി നോക്കിയെന്നും **2020** ജനുവരി മുതൽ **2021** വരെ കോവിഡ് മഹാമാരി കാലമായതിനാൽ ടിയാന്റെ കുടംബത്തെ ക്വാർട്ടേഴ്സിൽ നിന്നും മാറ്റാൻ സാധിച്ചില്ലെന്നും ആയതിനാൽ അവർ ക്വാർട്ടേഴ്സിൽ തുടർന്നെന്നും മാർച്ച് **2024** ൽ ക്വാർട്ടേഴ്സ് ഒഴിഞ്ഞുവെന്നും, ടിയാൻ **30.04.2025**- ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നുവെന്നും ആയതിനാൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും പീനൽ റെന്റ് ഈടാക്കുന്ന നടപടിയിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചു.

**3.**തുടർന്ന്, കോവിഡ് സാഹചര്യം കണക്കിലെടുത്തു ശ്രീ. വി.എസ്.നവാസ്, **DySP (Retd.)**, കൊച്ചി സിറ്റിയിലെ തേവര പോലീസ് ക്വാർട്ടേഴ്സ് നമ്പർ **V(A)/06**-ൽ താമസിച്ചിരുന്ന **25.12.2019** മുതൽ **2021** വരെയുള്ള കാലയളവ് ഒഴിവാക്കി **01.01.2022** മുതൽ **31.03.2024** വരെയുള്ള കാലയളവിലെ പിഴവാടക കണക്കാക്കി, സംസ്ഥാന പോലീസ് മേധാവി പരാമർശം **(3)** പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

**4.**മേൽ വിഷയം സർക്കാർ പരിശോധിച്ചു. ശ്രീ.നവാസ് വി.എസ്. **DySP (Retd.)** യുടെ അപേക്ഷയും സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടും പരിഗണിച്ച് ശ്രീ.നവാസ് വി.എസ്. **DySP (Retd.)** കൊച്ചി സിറ്റിയിലെ തേവര പോലീസ് ക്വാർട്ടേഴ്സ് നമ്പർ **V(A)/06**-ൽ **25.12.2019** മുതൽ **31.12.2021** വരെയുള്ള കാലയളവിൽ അനധികൃതമായി താമസിച്ച വകയിലുള്ള പിഴവാടക മാനുഷിക പരിഗണന നൽകി ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ ടി വി

അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം.

2.പോലീസ് കമ്മീഷണർ, കൊച്ചി സിറ്റി

3.ശ്രീ. വി.എസ്.നവാസ്, DySP (Retd.)(പോലീസ് കമ്മീഷണർ, കൊച്ചി സിറ്റി മുഖേന)

4.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

5.കരുതൽ ഫയൽ (HOME-D3/93/2024-HOME )

ഉത്തരവിൻ പ്രകാരം

Signed by
Santhosh Mon T
Date: 03-06-2026 16:27:12

സെക്ഷൻ ഓഫീസർ